ഉത്തരം

(എ) ഉണ്ട്.

(ബി) ആലപ്പുഴ സൗത്ത് ഇൻഡ്യാ റബ്ബർ വർക്ക്സിന്റെ മാനേജുമെന്റും തൊഴിലാളി യൂണിയനുകളും തമ്മിൽ 27-2-1979-ൽ ലേബർ കമ്മീഷണറുടെ സാന്നിദ്ധ്യത്തിൽ ഒപ്പുവെച്ച കരാറിന്റെ വ്യവസ്ഥകളും ടി മാനേജുമെന്റ് നടപ്പിലാക്കിയിട്ടില്ലെന്നു കാണിച്ച് സൗത്ത് ഇൻഡ്യാ റബ്ബർ ഫാക്ടറി വർക്കേഴ്സ് യൂണിയന്റെ ഒരു പരാതി ലഭിച്ചിട്ടുണ്ട്.

(സി) ഇതിൽ പ്രോസിക്യൂഷൻ നടപടികളും സ്വീകരിക്കുന്നതിന്റെ മുന്നോടിയായി അയച്ച ഷോക്കോസ് നോട്ടീസിന്റെ മറുപടി ലഭിച്ചിട്ടുണ്ട്. മേൽനടപടികൾക്കായി മറുപടി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

പ്രൈവറ്റ് ഐ. ടി. ഐ. കളിലെ അദ്ധ്യാപകർ

186 [287] ശ്രീ. ആർ. സുന്ദരേശൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റെല്ലാ വിഭാഗം അദ്ധ്യാപകർക്കും നൽകുന്നതുപോലെ പ്രൈവറ്റ് ഐ. ടി. ഐ. അദ്ധ്യാപകർക്കും ഗവൺമെന്റ് നേരിട്ട് ശമ്പളം നൽകുന്ന കാര്യം പരിഗണിക്കുമോ;

(ബി) മാനേജുമെന്റുകളുടെ ഇഷ്ടമനുസരിച്ച് പിരിച്ചുവിടുന്ന ഇവർക്ക് ജോലിസ്ഥിരത ലഭിക്കുന്നതിനു തക്ക ഉത്തരവു പുറപ്പെടുവിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഗവൺമെന്റ് ഐ. ടി. ഐ. കളിലെ അദ്ധ്യാപകർക്കു നൽകുന്ന ശമ്പള സ്കെയിൽ അനുസരിച്ച് ഇവർക്കും ശമ്പളം നൽകാൻ ഗവൺമെന്റ് നിർദ്ദേശം നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട്?

ഉത്തരം

(എ) പ്രൈവറ്റ് ഐ. ടി. ഐ. കളിലെ അദ്ധ്യാപകർക്ക് ഗവൺമെന്റ് നേരിട്ട് ശമ്പളം നൽകുന്ന കാര്യം പരിഗണിക്കുവാൻ നിർവാഹമില്ല.

(ബി) ഉദ്ദേശിക്കുന്നില്ല.

(സി) നിർദ്ദേശം നൽകുവാൻ ഉദ്ദേശിക്കുന്നില്ല. ഇക്കാര്യത്തിൽ ഗവൺമെന്റിനു നിയന്ത്രണം ഇല്ലാത്തതുകൊണ്ട്.

എറണാകുളം ജില്ലയിലെ "തോട്ടറ പുഞ്ച സ്കീം"

187 [288] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ മുളന്തുരുത്തി വികസന ബ്ലോക്കിൽപെട്ട "തോട്ടറ പുഞ്ച സ്കീം" നിർമ്മാണം തുടങ്ങുവാനുള്ള കാലതാമസത്തിന് കാരണം എന്താണ്;

(ബി) ആയിരക്കണക്കിന് കൃഷിക്കാർക്ക് പ്രയോജനം ലഭിക്കുന്ന ഈ പദ്ധതിയുടെ നിർമ്മാണം ഉടനെതന്നെ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1971–72-ൽ തോട്ടറ പുഞ്ചക്കുവേണ്ടി ഒരു പെട്ടിയും പറയും നൽകിയിട്ടുള്ളത് ഇതുവരേയും സ്ഥാപിച്ച് വൈദ്യുതകണക്ഷൻ കൊടുത്തിട്ടില്ല. പ്രസ്തുത പുഞ്ച എറണാകുളം ജില്ലയിലെ മുളന്തുരുത്തി ബ്ലോക്കിൽപ്പെട്ട രണ്ടു പഞ്ചായത്തുകളിലും കോട്ടയം ജില്ലയിലെ വെള്ളൂർ പഞ്ചായത്തിലുമായി വ്യാപിച്ചുകിടക്കുന്നു. ഈ മൂന്നു പഞ്ചായത്തുകളും കൂടി ഒത്തുചേർന്ന് പ്രവർത്തിക്കാനുണ്ടായ തടസ്സങ്ങളാണ് സ്കീമിന്റെ പ്രവർത്തനത്തിനു കാലതാമസം വരുത്തിയത്.

(ബി) ഇപ്പോൾ മേൽപ്പറഞ്ഞ മൂന്നു പഞ്ചായത്തുകളിലേയും കൃഷിക്കാരുടെ ഒരു സംയുക്ത സമിതി രൂപവൽകൃതമാവുകയും അടുത്ത പുഞ്ചക്ക് കൃഷിയിറക്കണമെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഡിസംബർ മാസം 20-ാം തീയതിക്കുമുമ്പ് വൈദ്യുത കണക്ഷൻ എടുത്ത് പ്രവർത്തനം തുടങ്ങാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

സ്വിറ്റ്സർലണ്ടിന്റെ സഹായത്തോടെ തുടങ്ങാൻ ഉദ്ദേശിച്ചിരുന്ന വനിതാ ഐ. ടി. ഐ.

188 [289] ശ്രീ. ആർ. സുന്ദരേശൻ നായർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വിറ്റ്സർലണ്ടിന്റെ സഹായത്തോടെ തിരുവനന്തപുരം ജില്ലയിൽ തുടങ്ങാൻ ഉദ്ദേശിച്ചിരുന്ന വനിതാ ഐ. ടി. ഐ. എവിടെ തുടങ്ങണമെന്നാണ് തിരുവനന്തപുരം ജില്ലാവികസനസമിതി ശുപാർശചെയ്തിരുന്നത്;

(ബി) അത് എവിടെയാണാരംഭിച്ചത്;

(സി) കഴിഞ്ഞ വർഷം പ്രൈവറ്റ് ഐ. ടി. സി. കൾ അനുവദിച്ചപ്പോൾ കള്ളിക്കാട് പഞ്ചായത്തിൽ ഐ. ടി. സി. അനുവദിക്കാനുള്ള അപേക്ഷ ഉണ്ടായിരുന്നുവോ;

(ഡി) ഈ വർഷം പ്രൈവറ്റ് ഐ. ടി. സി. കൾ അനുവദിച്ചത് ആർക്കൊക്കെ;

(ഇ) ഈ വർഷം കള്ളിക്കാട് പഞ്ചായത്തിൽനിന്നും അപേക്ഷ ഉണ്ടായിരുന്നുവോ;

(എഫ്) ഈ വർഷം അനുവദിച്ച എല്ലാ ഐ. ടി. സി. കളും പ്രവർത്തിച്ചുകൊണ്ടിരുന്നവയാണോ;

(ജി) അല്ലാത്തതേതെല്ലാം;

(എച്ച്) കള്ളിക്കാട് പഞ്ചായത്തിൽ ഈ വർഷംതന്നെ ഒരു ഐ. ടി. സി. തുടങ്ങാൻ അനുവാദം നൽകുമോ?

ഉത്തരം

(എ) കള്ളിക്കാട്.

(ബി) കഴക്കൂട്ടത്ത്.

(സി) ഇല്ലായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly